**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3699** **05-08-2021 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ അഴിമതി രഹിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിനും ഓരോ രജിസ്ട്രേഷനും നിശ്ചയിച്ചിട്ടുള്ള ഫീസ് വിവരം ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സബ് രജിസ്ട്രാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ രജിസ്ട്രേഷൻ ഫീസ് പട്ടികയുടെ പ്രസക്ത ഭാഗം പ്രദർശിപ്പിക്കണമെന്ന് രജിസ്ട്രേഷൻ മാന്വൽ പാർട്ട് II, വാല്യം 1 -ലെ ഓർഡർ നമ്പർ 891 (സി) -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, മുദ്രവില എന്നിവ സംബന്ധിച്ച വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralaregistration.gov.in -ൽ ലഭ്യമാക്കിയിട്ടുമുണ്ട്. |
| (ബി) | ആധാരമെഴുത്തുകാരുടെ സേവനം ഏകീകരിക്കുന്നതിന് ആധാരമെഴുത്തുകാർക്ക് നൽകേണ്ട ഫീസ് സംബന്ധിച്ച് വ്യക്തത വരുത്തുമോ; | (ബി) | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 29/08/2009 -ലെ L1/15679/2009 നമ്പർ വിജ്ഞാപനം പ്രകാരം ആധാരം എഴുത്തുകാർക്ക് നൽകേണ്ട ഫീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി ഫീസ് പട്ടിക എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ആയത് രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാണ്. ആധാരമെഴുത്ത് ഫീസ് പട്ടിക എല്ലാ ആധാരം എഴുത്ത് ഓഫീസിലും പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 23/09/1983 – ലെ എം1-29765/83 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | വസ്തു കൈമാറ്റത്തിന് ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കി രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ സാധ്യമാണോ എന്ന് പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (സി) | ന്യായവിലയോ, വസ്തുവിന്റെ യഥാർത്ഥ വില/ പ്രതിഫലം ഏതാണോ കൂടുതൽ അതിന് മുദ്രവില ചുമത്തുന്നതിനാണ് കേരള മുദ്രപത്ര ആക്റ്റിൽ വ്യവസ്ഥയുള്ളത്. വസ്തു കൈമാറ്റത്തിന് ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കി മാത്രം രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | നടപടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ